# പതിമൂന്നാം കേരളനിയമസഭ

## ആറാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 753</u>   <u>12/12/2012 ൽ മറുപടിക്ക്</u>

### <u>ക്യാൻസർ രോഗികൾ</u>

<u>ചോദ്യം</u>
ശ്രീ. ബാബു എം. പാലിശ്ശേരി

<u>മറുപടി</u>
ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ആശുപത്രികളിൽ ക്യാൻസർ ചികിത്സക്കെത്തുന്ന രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നത് നിരീക്ഷിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ജില്ലാ, ജനറൽ ആശുപത്രികളിൽ ക്യാൻസർ ചികിത്സാ സംവിധാനം ഏർപ്പെടുത്താൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ? | (ബി) | കാസർഗോഡ്, കൊല്ലം, പത്തനംതിട്ട, ഇടുക്കി, മലപ്പുറം, പാലക്കാട്, വയനാട് ജില്ലകളിലെ ജില്ലാ/ജനറൽ ആശുപത്രികളിൽ പുതിയ ക്യാൻസർ കെയർ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി പത്ത് ലക്ഷം രൂപാ വീതം അനുവദിച്ചിട്ടുണ്ട്. ഇങ്ങനെ അനുവദിക്കപ്പെട്ട ക്യാൻസർ കെയർ യൂണിറ്റുകളിലേക്ക് മരുന്നുകൾ കീമോതെറാപ്പി ഏജന്റുകൾ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിലേക്കായി ആകെ 280 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ക്യാൻസർ കെയർ യൂണിറ്റുകളിലെ ജീവനക്കാർക്ക് ആവശ്യമായ ട്രെയിനിംഗ് നൽകുന്നതിലേക്കായി ആകെ മൂന്ന് ലക്ഷത്തിഅമ്പതിനായിരം രൂപ അനുവദിച്ചിട്ടുണ്ട്. ഇതു കൂടാതെ കേന്ദ്രപദ്ധതിയായ എൻ.പി.സി.ഡി.എസ് വഴി ഇടുക്കി, പത്തനംതിട്ട, തൃശ്ശൂർ, ആലപ്പുഴ, കോഴിക്കോട് ജില്ലകളിൽ ക്യാൻസർ കെയർ യൂണിറ്റുകൾ ആരംഭിക്കുന്നതിന് വേണ്ടി തുക അനുവദിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ